# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/272/2018 2018 ഡിസംബർ 17

# വാർത്താക്കുറിപ്പ്

---

## പുതുക്കിയ പരീക്ഷ തീയതി

ഡിസംബർ 14ന് നിശ്ചയിച്ചിരുന്ന പരീക്ഷകൾ പുതുക്കി നിശ്ചയിച്ചു. മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. യു.ജി., മൂന്നാം വർഷ ബി.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം - 2015 അഡ്മിഷൻ റഗുലർ), സീപാസിലെ ആറാം സെമസ്റ്റർ ബി.ടെക് (2015 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഡിസംബർ 20ന് നടക്കും. നാലാം വർഷ ബി.എസ്‌സി. നഴ്സിംഗ് (2010 മുതൽ അഡ്മിഷൻ) റഗുലർ/സപ്ലിമെന്ററി, ഏഴാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 31ന് നടക്കും. മൂന്നാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം/എം.സി.ജെ./എം.എസ്.ഡബ്ല്യു./എം.ടി.എ. ആന്റ് എം.ടി.ടി.എം. (സി.എസ്.എസ്. - 2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ ജനവരി 15നും മൂന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസെബിലിറ്റി/ലേണിംഗ് ഡിസെബിലിറ്റി - 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ജനവരി നാലിനും നടക്കും. ഒന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം. (പുതിയ സ്കീം - 2018 അഡ്മിഷൻ റഗുലർ, പഴയ സ്കീം 2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ ബി.ആർക്. (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി/2011, 2012, 2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി, പത്താം സെമസ്റ്റർ ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്)/ബി.എ. എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ്/ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്)/ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷകൾ ജനവരി മൂന്നിനും ഒന്നാം സെമസ്റ്റർ എം.ബി.എ. (പുതിയ സ്കീം - 2018 അഡ്മിഷൻ റഗുലർ/2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനവരി 14നും നടക്കും. മറ്റ് പരീക്ഷകളുടെ തീയതി, സമയം, പരീക്ഷാകേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ ബി.വോക് (2017 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷകൾ ജനവരി 11 മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഡിസംബർ 19 വരെയും 500 രൂപ പിഴയോടെ 20 വരെയും 1000 രൂപ സൂപ്പർഫൈനോടെ 22 വരെയും സ്വീകരിക്കും.

നാലാം സെമസ്റ്റർ എം.എസ്‌സി. സ്പെയ്സ് സയൻസ് ആന്റ് ടെക്നോളജി (2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനവരി 29ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ജനവരി ഒന്നു വരെയും 500 രൂപ പിഴയോടെ മൂന്നു വരെയും 1000 രൂപ സൂപ്പർഫൈനോടെ അഞ്ചുവരെയും സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ എം.എസ്‌സി. സ്പെയ്സ് സയൻസ് ആന്റ് ടെക്നോളജി (2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനവരി നാലു മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഡിസംബർ 22 വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 26 വരെയും സ്വീകരിക്കും.

**പരീക്ഷഫലം**

2018 മെയിൽ നടത്തിയ എട്ടാം സെമസ്റ്റർ റഗുലർ, ആറാം സെമസ്റ്റർ റഗുലർ ആന്റ് സപ്ലിമെന്ററി, നാലാം സെമസ്റ്റർ റഗുലർ ആന്റ് സപ്ലിമെന്ററി ഡി.ഡി.എം.സി.എ. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

2018 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്‌സി. റഗുലർ (2017 അഡ്മിഷൻ - ഡിപ്പാർട്ട്‌മെന്റ് ആന്റ് അഫിലിയേറ്റഡ് കോളേജുകൾ), സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജുകൾ ആന്റ് ഡിപ്പാർട്ട്‌മെന്റ് - 2009 അഡ്മിഷൻ മുതൽ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 28 വരെ അപേക്ഷിക്കാം.

2017 ഡിസംബറിൽ നടത്തിയ ഒന്നാം വർഷ ബി.എസ്‌സി. നഴ്‌സിംഗ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 29 വരെ അപേക്ഷിക്കാം.

**സീനിയർ സയന്റിസ്റ്റ്; സംവരണ സീറ്റൊഴിവ്**

ബയോമെഡിക്കൽ ഗവേഷണത്തിനായുള്ള അന്തർ സർവകലാശാല കേന്ദ്രത്തിൽ നിലവിലുള്ള മൂന്ന് സീനിയർ സയന്റിസ്റ്റുമാരുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. പട്ടികജാതി വിഭാഗത്തിന് ഒന്നും, ഒ.ബി.സി. യിലെ ഈഴവ/മുസ്‌ലിം വിഭാഗങ്ങൾക്ക് ഒന്നും സീറ്റൊഴിവുണ്ട്. വിശദവിവരം www.iucbr.ac.in എന്ന വെബ്‌സൈറ്റിൽ ലഭിക്കും.

# ഹൈടെക് ക്ലാസ് മുറികളും കാമ്പസ്-ഹോസ്റ്റൽ വൈഫൈ സംവിധാനവുമൊരുക്കി മഹാത്മാ ഗാന്ധി സർവകലാശാല

**- 5.39 കോടിയുടെ പദ്ധതികൾ ഉദ്ഘാടനം ചെയ്തു**

**- 42 ലക്ഷം രൂപ മുടക്കി വിദ്യാർഥി ഹോസ്റ്റലുകളിലെ അടുക്കള നവീകരിച്ചു**

പതിനാല് പഠനവകുപ്പുകളിൽ അത്യാധുനിക ഇ-ക്ലാസ് മുറികളും കാമ്പസിലും ഹോസ്റ്റലുകളിലും വൈഫൈ ഇന്റർനെറ്റ് സൗകര്യവുമൊരുക്കി മഹാത്മാ ഗാന്ധി സർവകലാശാല. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി 4.97 കോടി രൂപ മുടക്കി സ്ഥാപിച്ച ഇ-ക്ലാസ്‌റൂമുകളുടെയും വൈഫൈ സംവിധാനത്തിന്റെയും ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു.

പഠനവകുപ്പുകളെ തമ്മിൽ ഇന്റർനെറ്റിലൂടെ ബന്ധിപ്പിക്കുന്ന അത്യാധുനിക സൗകര്യങ്ങളാണ് ഇ-ക്ലാസ് മുറികളിൽ ഒരുക്കിയിട്ടുള്ളത്. പ്രൊജക്ടറും ലൈവ് കാമറ സംവിധാനവും അത്യാധുനിക സൗണ്ട് സിസ്റ്റവും ഇരിപ്പിടങ്ങളും ക്ലാസ് മുറികളിലുണ്ട്. 14 പഠനവകുപ്പുകളിലേയും ഇ-ക്ലാസ് മുറികളിലൂടെ പരസ്പരം സംവദിക്കാനാവും. മറ്റ് രാജ്യങ്ങളിലെ ഇ-ക്ലാസ് മുറികളിൽ നിന്നുള്ള വിദഗ്ധരുടെ പ്രഭാഷണങ്ങൾ തൽസമയം കാണാനും ഓൺലൈനിലൂടെ സംവദിക്കാനും ഇതിലൂടെ സാധിക്കും.

ഹോസ്റ്റലുകളിലും കാമ്പസിലും സൗജന്യ വൈഫൈ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. 42 ലക്ഷം രൂപ മുടക്കി വിദ്യാർഥി ഹോസ്റ്റലുകളിലെ നവീകരിച്ച അടുക്കളകളുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. വിദ്യാർഥികൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയാണ് ലക്ഷ്യമെന്ന് വൈസ് ചാൻസലർ പറഞ്ഞു.

സർവകലാശാല സെനറ്റ് ഹാളിൽ നടന്ന ചടങ്ങിൽ സിൻഡിക്കേറ്റംഗം ഡോ. കെ. കൃഷ്ണദാസ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവർ പ്രസംഗിച്ചു. സ്‌കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ ഇ-ക്ലാസ് മുറിയിൽ നിന്ന് മറ്റ് ഇ-ക്ലാസ് മുറികളിലിരുന്ന വിദ്യാർഥികളോടും അധ്യാപകരോടും വൈസ് ചാൻസലർ സംവദിച്ചു.

# ഫോട്ടോ ക്യാപ്ഷൻ

**(1) മഹാത്മാ ഗാന്ധി സർവകലാശാല 4.97 കോടി രൂപ മുടക്കി നടപ്പാക്കിയ ഇ-ക്ലാസ് റൂം, കാമ്പസ്-ഹോസ്റ്റൽ വൈഫൈ പദ്ധതികളുടെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു. രജിസ്ട്രാർ എം.ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. എ. ജോസ് എന്നിവർ സമീപം**

**(2) മഹാത്മാ ഗാന്ധി സർവകലാശാല 4.97 കോടി രൂപ മുടക്കി നടപ്പാക്കിയ ഇ-ക്ലാസ് റൂം, കാമ്പസ്-ഹോസ്റ്റൽ വൈഫൈ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ചശേഷം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ ഇ-ക്ലാസ്സറിയിലൂടെ 14 പഠനവകുപ്പുകളിലെയും വിദ്യാർഥികളുമായി തൽസമയം ഓൺലൈനിൽ സംസാരിക്കുന്നു**

**(3) മഹാത്മാ ഗാന്ധി സർവകലാശാല 42 ലക്ഷം രൂപ മുടക്കി നവീകരിച്ച വിദ്യാർഥികളുടെ ഹോസ്റ്റൽ അടുക്കള നവീകരണത്തിന്റെ ഉദ്ഘാടനത്തിനെത്തിയ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അടുക്കളയിൽ പായസം തയ്യാറാക്കുന്നതിൽ പങ്കാളിയായപ്പോൾ. സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ. കൃഷ്ണദാസ്, ഡോ. എ. ജോസ് എന്നിവർ സമീപം**

## ചാൻസലേഴ്സ് പുരസ്കാരം; വിദ്യാർഥികൾക്ക് അനുമോദനം

## കോഴ്സുകൾ സമയബന്ധിതമായി

## പൂർത്തീകരിക്കുക ലക്ഷ്യം; പ്രൊഫ. സാബു തോമസ്

കോഴ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കാനും വിദ്യാർഥികൾക്ക് കൂടുതൽ സൗകര്യങ്ങളൊരുക്കുകയുമാണ് ലക്ഷ്യമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. വിദ്യാർഥികളും അധ്യാപകരും അനധ്യാപകരും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവർത്തിച്ചതിനാലാണ് വലിയ നേട്ടങ്ങൾ കൈവരിക്കാനാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ മികച്ച സർവകലാശാലയ്ക്കുള്ള ചാൻസലേഴ്സ് പുരസ്കാര നേട്ടവുമായി ബന്ധപ്പെട്ട് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന വിദ്യാർഥി അനുമോദന യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് അധ്യക്ഷത വഹിച്ചു. ഐ.ക്യൂ.എ.സി. ഡയറക്ടർ ഡോ. സി.ടി. അരവിന്ദകുമാർ, ജോയിന്റ് ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് ചെയർമാൻ കെ. നയന, ജനറൽ സെക്രട്ടറി എ.പി. പ്രശാന്ത് എന്നിവർ പ്രസംഗിച്ചു.

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**